പതിമൂന്നാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.1945 22-03-2012-ൽ മറുപടിക്ക്.

## കൊട്ടാരക്കരയിലെ നിർദ്ദിഷ്ട എക്സൈസ് സമുച്ചയത്തിന്റെ നിർമ്മാണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി പി. അയിഷാ പോറ്റി : | | ശ്രീ. കെ. ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) | |
| (എ) | കൊട്ടാരക്കരയിലെ നിർദ്ദിഷ്ട എക്സൈസ് സമുച്ചയത്തിന്റെ നിർമ്മാണം മുടങ്ങിക്കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | പ്രസ്തുത സമുച്ചയത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് എക്സൈസ് വകുപ്പ് കക്ഷിയായി കോടതികളിൽ കേസ് നിലവിലുണ്ടെങ്കിൽ ആയതിന്റെ വിശദാംശം വെളിപ്പെടുത്തുമോ ; | (ബി) | എക്സൈസ് വകുപ്പിനെ എതിർ കക്ഷിയാക്കി, കേരള ക്ഷേത്ര സംരക്ഷണ സമിതി എന്ന സംഘടന, കൊട്ടാരക്കര സബ് കോടതിയിൽ, OS.128/11 എന്ന നമ്പരിൽ കേസ് ഫയൽ ചെയ്തിട്ടുണ്ട്. ടി കേസ്സിന്റെ കാര്യവിവരണ പത്രിക ബഹു. കോടതിയിൽ സമർപ്പിച്ചിട്ടുണ്ട്. |
| (സി) | എക്സൈസ് സമുച്ചയ നിർമ്മാണം അടിയന്തിരമായി ആരംഭിക്കുന്നതിന് കൈക്കൊണ്ടുവരുന്ന നടപടികൾ വിശദമാക്കുമോ ? | (സി) | പ്രസ്തുത കെട്ടിടത്തിന്റെ നിർമ്മാണം പുനരാരംഭിക്കുന്നതിന്, റീ ടെണ്ടർ നടപടി ത്വരിതപ്പെടുത്തി നിർമ്മാണ പ്രവർത്തനം വേഗത്തിൽ തുടങ്ങുന്നതിന്, നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ